## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *336 | 13.12.2018 ൽ മറുപടിക്ക്

### വ്യവസായ സൗഹൃദ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ സൗഹൃദ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും "കേരള ഇൻവെസ്റ്റ്മെന്റ് പ്രോമോഷൻ & ഫെസിലിറ്റേഷൻ ആക്ട് 2018 " പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ ( DIPP) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതനുസരിച്ച് റാങ്ക് നിർണ്ണയിച്ചു വരുന്നത്. 2016-17 ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2017-18-ൽ ഡി.ഐ.പി.പി. നല്കിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളുടെ റാങ്കിങ്ങിൽ കേരളത്തിന്റെ റാങ്ക് 21- മതാണ്. എന്നിരുന്നാലും, എടുത്ത നടപടികളുടെ ശതമാനം ( Implementation percentage ) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18% കൂടിയിട്ടുണ്ട്. 44.82% മാർക്കാണ് കേരളത്തിന് നിലവിൽ ലഭിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form – CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം(K-SWIFT) വഴി ലഭ്യമാക്കുന്നതാണ്.<br>പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ 92 അർബൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ അനുമതികൾ ഓൺലൈനായി നൽകുന്നതിന് ഒരു ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | സംരംഭം ലാഭകരമല്ലാതെ വരുമ്പോഴോ അനന്തരാവകാശികൾ ഇല്ലാതെ വരുമ്പോഴോ ട്രാൻസ്ഫർ ചെയ്തുകിട്ടിയ വ്യവസായ യൂണിറ്റുകൾ വീണ്ടും ട്രാൻസ്ഫർ ചെയ്യേണ്ടി വന്നാലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള വ്യവസായ വികസന ഏരിയ വികസന പ്ലോട്ട്/ ഫംങ്ഷണൽ വ്യവസായ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ സ്ഥലം അനുവദിക്കുന്നത്, യൂണിറ്റുകളുടെ ഭരണഘടനാമാറ്റം, ഉടമസ്ഥാവകാശ മാറ്റം, ഭൂമികൈമാറ്റം എന്നിവ സംബന്ധിച്ച് 30/01/2016-ലെ ജി.ഒ.(എം.എസ്) 17/2016/ഐ.ഡി നമ്പർ പ്രകാരം ഇപ്പോൾ നിലവിലുള്ള " ലീസ് ഓഫ് ലാന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസ് റൂൾസ് 2016" കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. ഭൂമി അനുവദിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമുള്ള നിയമ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു. |
| സി) | വ്യവസായ സ്ഥാപനങ്ങളിലെ ബിസിനസ് മാറ്റങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുമോ; വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കെ.എസ്.ഐ.ഡി.സി.യുടെ വ്യവസായ പാർക്കുകളിൽ നഷ്ടത്തിലായ സംരംഭങ്ങൾ മറ്റ് സംരംഭകർക്ക് കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനന്തരാവകാശികൾ ഇല്ലാതെ വരുമ്പോൾ കൈമാറ്റം ചെയ്ത് കിട്ടിയ യൂണിറ്റുകളും നിലവിലുള്ള കൈമാറ്റ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി കൈമാറ്റം ചെയ്യാവുന്നതാണ്.<br><br>കെ.എസ്.ഐ.ഡി.സി.യിലെ വ്യവസായ പാർക്കുകളിൽ സ്ഥലം അനുവദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ബിസിനസ്സ് മാറ്റങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ട്.<br>കൂടാതെ കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് അവരുടെ ബിസ്സിനസിന്റെയോ സ്ഥാപനത്തിന്റെയോ ഘടന മാറ്റുന്നതിനുള്ള ആവശ്യങ്ങൾ കാലതാമസമില്ലാതെ സമയബന്ധിതമായി നടപ്പിലാക്കി വരുന്ന നയമാണ് ഉള്ളത് |
| (ഡി) | വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി കൈമാറ്റം എളുപ്പമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി കൈമാറ്റം സർക്കാർ ലഘൂകരിച്ചു വരികയാണ്. കെ.എസ്.ഐ.ഡി.സി.യിലെ വ്യവസായ പാർക്കുകളിൽ വ്യവസായ സ്ഥാപനങ്ങൾക്ക് ഭൂമി അനുവദിച്ച് 3 വർഷത്തിനുള്ളിൽ വ്യവസ്ഥകളോടെ കൈമാറ്റം അനുവദിക്കുന്നതാണ്. പീഡിത വ്യവസായം ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കുന്നവർക്കും വ്യവസായിയുടെ അച്ഛൻ, അമ്മ, ഭാര്യ മകൾ എന്നിവർക്കും വ്യവസായം തുടങ്ങി വ്യവസായി മരിച്ചുപോയെങ്കിൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികൾക്കും സബ്സിഡി കമ്പനികൾ മെർജറുകൾ, പ്രത്യേക പ്രോജക്ടിനു വേണ്ടിയുള്ള |

| | | | |
|---|---|---|---|
| | | | എസ്.പി.വി.കൾ എന്നിവയ്ക്കും ഭൂമി സമയപരിധി ഇല്ലാതെ കൈമാറ്റം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ